**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4775** — **20-07-2022 - ൽ മറുപടിയ്ക്ക്**

**തോട്ടശേരിയറ-ഇല്ലത്ത്മാട് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തോട്ടശേരിയറ-ഇല്ലത്ത്മാട് റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തോട്ടശ്ശേരിയറ - ഇല്ലത്തുമാട് - പാത്തിക്കുഴി റോഡിന് G.O(Rt) No.1502/2016/PWD dtd. 01.11.2016 പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും , തുടർന്ന് സാമ്പത്തികാനുമതി ലഭിക്കുന്നതിന് പൊതുമരാമത്തു നിരത്തു വിഭാഗം വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ആയതു 06.03.2018ൽ കിഫ്ബിയിലേക്ക് സമർപ്പിക്കുകയും ചെയ്തു. 10 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് തയ്യാറാക്കിയ ഡി.പി.ആർ-ൽ ഭൂമി ഏറ്റെടുക്കുന്നതിന് തുക ഉൾപ്പെടുത്തിയിരുന്നില്ല. ഡി.പി.ആർ ന്റെ വിശദമായ പരിശോധനക്ക് ശേഷം 28.03.2019 ൽ കിഫ്ബി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകി.<br><br>നിലവിൽ 7-10 മീറ്റർ വീതിയിലുള്ള പ്രസ്തുത റോഡ് കിഫ്ബി മാനദണ്ഡ പ്രകാരം മിനിമം 10 മീറ്റർ RoW യിൽ നിർമ്മിക്കാൻ സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി സൗജന്യമായി ഏറ്റെടുക്കാൻ ജനപ്രതിനിധികളുടെ സഹായത്തോടെ നിരവധി തവണ ശ്രമം നടത്തിയിരുന്നു . കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ കിഫ്ബി മാനദണ്ഡം അനുസരിച്ച് നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളതുമായ കിഫ്ബി അനുമതി നൽകിയ 44 പദ്ധതികളുടെ പട്ടികയിൽ പ്രസ്തുത റോഡും ഉൾപെടുത്തിയിട്ടുണ്ട്. കിഫ്ബി ആവശ്യപെട്ടതനുസരിച്ച് പദ്ധതിയുടെ ട്രാഫിക് വോളിയവും ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതിയും തുടർ നടപടിക്കായി കിഫ്ബിയിൽ സമർപ്പിച്ചട്ടുണ്ട് . |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ | (ബി) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ |

| | | | |
|---|---|---|---|
| | സാമ്പത്തികാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | തോട്ടശ്ശേരിയറ - ഇല്ലത്തുമാട് - പാത്തിക്കുഴി റോഡിന് G.O(Rt) No.1502/2016/PWD dtd. 01.11.2016 പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും , തുടർന്ന് സാമ്പത്തികാനുമതി ലഭിക്കുന്നതിന് പൊതുമരാമത്തു നിരത്തു വിഭാഗം വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ആയതു 06.03.2018ൽ കിഫ്ബിയിലേക്ക് സമർപ്പിക്കുകയും ചെയ്തു. 10 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് തയ്യാറാക്കിയ ഡി.പി.ആർ-ൽ ഭൂമി ഏറ്റെടുക്കുന്നതിന് തുക ഉൾപ്പെടുത്തിയിരുന്നില്ല. ഡി.പി.ആർ ന്റെ വിശദമായ പരിശോധനക്ക് ശേഷം 28.03.2019 ൽ കിഫ്ബി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകി.<br><br>നിലവിൽ 7-10 മീറ്റർ വീതിയിലുള്ള പ്രസ്തുത റോഡ് കിഫ്ബി മാനദണ്ഡ പ്രകാരം മിനിമം 10 മീറ്റർ RoW യിൽ നിർമ്മിക്കാൻ സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി സൗജന്യമായി ഏറ്റെടുക്കാൻ ജനപ്രതിനിധികളുടെ സഹായത്തോടെ നിരവധി തവണ ശ്രമം നടത്തിയിരുന്നു . കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ കിഫ്ബി മാനദണ്ഡം അനുസരിച്ച് നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളതുമായ കിഫ്ബി അനുമതി നൽകിയ 44 പദ്ധതികളുടെ പട്ടികയിൽ പ്രസ്തുത റോഡും ഉൾപെടുത്തിയിട്ടുണ്ട്. കിഫ്ബി ആവശ്യപെട്ടതനുസരിച്ച് പദ്ധതിയുടെ ട്രാഫിക് വോളിയവും ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതിയും തുടർ നടപടിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് . |
| (സി) | തോട്ടശേരിയറ-ഇല്ലത്ത്മാട് റോഡ് നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ഏജൻസി/വകുപ്പ് സംബന്ധിച്ച വിശദാംശം നൽകാമോ; പ്രസ്തുത ഏജൻസി/വകുപ്പ് നാളിതുവരെ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത റോഡിന്റെ നവീകരണത്തിന് നിലവിൽ കെ.ആർ.എഫ്.ബി-യെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത റോഡിൻറെ അറ്റകുറ്റപണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനു 5 ലക്ഷം രൂപയ്ക്ക് കെ.ആർ.എഫ്.ബി-യിൽ നിന്നും 15.11.2021 തീയതിൽ ഭരണാനുമതി നല്കിയിട്ടുണ്ട്. തുടർന്ന് സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലക്കാട്/ മലപ്പുറം കെ. ആർ. എഫ്.ബി.- പി. എം. യു. ഡിവിഷന് കീഴിൽ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ